**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4346** **06-03-2023 - ൽ മറുപടിയ്ക്ക്**

**വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഇ-കൊമേഴ്സ് പ്ലാറ്റ്ഫോം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ പ്രമോദ് നാരായൺ,<br>ശ്രീ. സെബാസ്റ്റ്യൻ കളത്തുങ്കൽ,<br>ഡോ. എൻ. ജയരാജ്** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വ്യവസായങ്ങൾ ശക്തിപ്പെടുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ; | (എ) | അനുബന്ധമായി ചേർക്കുന്നു. |
| (ബി) | സംസ്ഥാനത്ത് നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ മുൻകാല ബാധ്യതകൾ തീർപ്പാക്കുന്നതിന് പൊതുവായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (ബി) | വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ധനകാര്യ സ്ഥാപനങ്ങളുമായുള്ള മുൻകാല ബാധ്യതകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടത്തിയിട്ടുണ്ട്. കൂടാതെ സർക്കാർ വായ്പകൾ ഓഹരിയാക്കി മാറ്റുന്നതിനുള്ള നടപടികളും സർക്കാർ സ്വീകരിച്ചിട്ടുണ്ട്. പ്രവർത്തന മൂലധനമായി ഉപയോഗിക്കേണ്ട ധനം മറ്റുള്ള ആവശ്യങ്ങൾക്കായി ചെലവഴിക്കുന്നത് മൂലം ഉണ്ടാകുന്ന ബാധ്യതകളാണ് നിലവിലുള്ളത്. |
| (സി) | പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ ഉല്പന്നങ്ങൾക്ക് മികച്ച വിപണി കണ്ടെത്തുന്നതിന് സംസ്ഥാന വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഇ-കൊമേഴ്സ് പ്ലാറ്റ്ഫോം രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കാമോ? | (സി) | പരമ്പരാഗത മേഖലയിൽ പ്രവർത്തിക്കുന്ന പൊതുമേഖല സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങളുടെ വിപണനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കെൽട്രോണിന്റെ സഹായത്തോടുകൂടി റിയാബിന്റെ മേൽനോട്ടത്തിൽ ഒരു e-commerce പോർട്ടൽ രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**സംസ്ഥാനത്ത് വ്യവസായ മേഖല ശക്തിപ്പെടുത്തുന്നതിനായി സ്വീകരിച്ചു വരുന്ന നടപടികളുടെ വിശദാംശം ചുവടെ കൊടുക്കുന്നു.**

സൂക്ഷ്മ-ചെറുകിട - ഇടത്തരം വ്യവസായ സംരംഭങ്ങളുടെ വികസനത്തിലൂടെ ഉത്പാദനവും തൊഴിലും വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. സർക്കാർ പദ്ധതികൾ വഴിയുള്ള സാമ്പത്തിക സഹായങ്ങൾ നൽകുന്നതിലുപരി സംരംഭകർക്ക് ആവശ്യമായ വിവിധ സേവനങ്ങളും, ഉപദേശങ്ങളും നൽകുന്ന ഒരു ഫെസിലിറ്റേറ്റർ എന്ന നിലയിലും വകുപ്പിന്റെ പ്രവർത്തനം മാറിക്കൊണ്ടിരിക്കുന്നു. സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകിയും, വ്യവസായം തുടങ്ങാൻ ആവശ്യമായ അനുമതികൾ സമയബന്ധിതമായി നൽകുകയും വഴി കേരളത്തെ മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റി കൊണ്ടിരിക്കുന്നു.

കേരളത്തിൽ ബിസിനസ്സ് നടത്തുന്നത് സുഗമമാക്കുക എന്ന ഉദ്ദേശത്തോടുകൂടി വ്യവസായ സംരംഭകർക്ക് ലൈസൻസുകളും, ക്ലിയറൻസുകളും ലഭ്യമാക്കുന്നതിന് സഹായകരമായ വിധത്തിൽ 2017 ലെ 22-മത് നമ്പർ ഓർഡിനൻസായി "കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ഓർഡിനൻസ്" സർക്കാർ പുറപ്പെടുവിക്കുകയും പ്രസ്തുത ഓർഡിനൻസ് നിയമസഭയിൽ ബിൽ ആയി അവതരിപ്പിച്ച് നിയമമാക്കുകയും ചെയ്തു. ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ഒരു സംരംഭത്തിനാവശ്യമായ എല്ലാ ലൈസൻസുകളും ക്ലിയറൻസുകളും ഓൺലൈൻ ഏകജാലക സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിന് K-SWIFT സോഫ്റ്റ്‌വെയർ നിലവിലുണ്ട്.

സംരഭകർക്കാവശ്യമായ സഹായങ്ങൾ നൽകുന്നതിലേക്കായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകളും, ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ സെല്ലുകളും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ എല്ലാ താലൂക്ക് വ്യവസായ ഓഫീസുകളെയും MSME ഫെസിലിറ്റേഷൻ സെന്ററുകളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങളുടെ പ്രശ്ന പരിഹാരത്തിനായി കെ.എസ്.ഐ.ഡി.സിയുടെ നേതൃത്വത്തിൽ ഒരു കാൾ സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

സേവനങ്ങളും മറ്റു വിവരങ്ങളും സംരംഭകരിൽ എത്തിക്കുന്നതിനായി വിവിധ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് പേജ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ജില്ലാ സംസ്ഥാന തലങ്ങളിൽ വ്യവസായികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പരാതി പരിഹാര കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുടെ പരിശോധനകൾ ഏകീകരിക്കുന്നതിനായി K-CIS സംവിധാനം നിലവിൽ വന്നിട്ടുണ്ട്.

ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ചു വ്യവസായികളുടെ സംശയ ദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കി, എം.എസ്.എം.ഇ ക്ലിനിക്ക് പദ്ധതി ആരംഭിച്ചിട്ടുണ്ട്. താലൂക്ക് വ്യവസായ ഓഫീസുകൾ ഫെസിലിറ്റേഷൻ സെന്ററുകൾ ആക്കിമാറ്റുന്നതിന്റെ ഭാഗമായി താലൂക്ക് വ്യവസായ ഓഫീസുകളിൽ റിസോഴ്സ് പേഴ്സണെ നിയമിച്ചു പ്രവർത്തനം നടന്നു വരുന്നു. ഇത് കൂടാതെ തദ്ദേശസ്വയം ഭരണ സ്ഥാപനതലത്തിൽ സംരംഭകവർഷവുമായി ബന്ധപ്പെട്ട് പദ്ധതികളുടെ നടത്തിപ്പിനായി 1153 ഇന്റേണുകളെ നിയമിച്ചു പ്രവർത്തനം നടന്നു വരുന്നു.

സംരംഭകർക്ക് വിവിധ -വകുപ്പുകളുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിനായി 2021 ലെ 137 നമ്പർ ഓർഡിനൻസ് പ്രകാരം, 1999 ലെ കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആൻഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡവലപ്മെന്റ് ആക്ട്, 1999 (2000 ലെനിയമം 5) ന്റെ ഭേദഗതി വഴി നിലവിൽ വന്നിട്ടുള്ള സംവിധാനമാണ് പരാതി പരിഹാര സംവിധാനം. ഈ നിയമപ്രകാരം രൂപീകരിച്ചിട്ടുള്ള ജില്ലാ/സംസ്ഥാന പരാതി പരിഹാര കമ്മിറ്റികൾ മുഖേനയാണ് ഈ സംവിധാനം പ്രവർത്തിക്കുന്നത്. 10 കോടിരൂപ വരെ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികൾ ജില്ലാ കമ്മിറ്റിക്കും 10 കോടിയിൽ കൂടുതൽ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികളും ജില്ലാ കമ്മിറ്റിയുടെ തീരുമാനത്തിനുമേലുള്ള അപ്പീലും സംസ്ഥാന കമ്മിറ്റിക്കുമാണ് നൽകേണ്ടത്. ഈ സംവിധാനം കാര്യക്ഷമമായും സമയബന്ധിതമായും പ്രവർത്തിപ്പിക്കുന്നതിനായി ഒരു ഓൺലൈൻ പോർട്ടൽ

വികസിപ്പിച്ചിട്ടുണ്ട്.

കേരളത്തിൽ നിർമിക്കപ്പെടുന്ന ഉൽപ്പന്നങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്നതിനും അവയ്ക്ക് ദേശീയ അന്തർദേശീയ വിപണികൾ പ്രാപ്യം ആക്കുന്നതിനു സഹായിക്കുന്നതിനായി കേരള ബ്രാൻഡ് സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടികളും കൂടാതെ സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യാനായി Open Network for Digital Commerce (ONDC) യുമായി ചേർന്ന് ഒരു ഓപ്പൺ നെറ്റ്‌വർക്ക് പ്ലാറ്റ്ഫോം നിർമിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്.

സംസ്ഥാനത്തെ വ്യവസായങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി താഴെപറയുന്ന പദ്ധതികൾ വഴി ആനുകൂല്യങ്ങളും സഹായങ്ങളും നൽകിവരുന്നു.

**1) സംരംഭക സഹായ പദ്ധതി**

വ്യവസായ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി സംരംഭക സഹായ പദ്ധതി 2012 മുതൽ നടപ്പിലാക്കി വരുന്നുണ്ട്. പ്രാരംഭ സഹായം, നിക്ഷേപസഹായം, സാങ്കേതിക സഹായം എന്നീ മൂന്ന് ഘട്ടങ്ങളിലായാണ് സഹായം നല്കുന്നത്. ഈ പദ്ധതി പ്രകാരം ഉല്പാദന സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% മുതൽ 45% വരെ പരമാവധി 40 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു. പദ്ധതിപ്രകാരം സംരംഭം ഉത്പാദനം ആരംഭിച്ച ഒരു വർഷത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

**2) നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി**

10 ലക്ഷം രൂപ വരെ സ്ഥിരം മൂലധന നിക്ഷേപം ഉള്ളതും 5 എച്ച്.പി വരെ വൈദ്യുതി ആവശ്യമുള്ളതും, മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡ പ്രകാരം വൈറ്റ്, ഗ്രീൻ എന്നീ വിഭാഗത്തിൽപ്പെട്ട വീട്ടിലുള്ളതോ വീടിനോട് ചേർന്നോ നടത്തുന്ന ഉല്പാദക സേവന ജോബ് വർക്ക് വിഭാഗത്തിലുൾപ്പെട്ട നാനോ സംരംഭങ്ങൾക്കാണ്, ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക. സ്ഥാപനം ആരംഭിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ടേം വായ്പ എടുത്ത സംരംഭകർക്ക് വാർഷിക പലിശയിൽ 6% മുതല് 8% വരെ സബ്സിഡിയായി തിരികെ നൽകുന്നു. വനിതകൾ/പട്ടികജാതി/വർഗ്ഗ വിഭാഗങ്ങൾക്ക് ഇത് 8% വരെ ലഭിക്കുന്നു. മൂന്ന് വർഷത്തേക്കാണ് ഇപ്രകാരം റീ-ഇംബേഴ്സ് ചെയ്ത് നൽകുന്നത്.

**3. ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ്**

വായ്പാധിഷ്ഠിത പ്രോജക്ടുകൾക്ക് മാർജിൻ മണി നല്കി കൊണ്ട് അർഹമായ സംരംഭകർക്ക് സംസ്ഥാനത്തിനകത്ത് ചെറു സംരംഭങ്ങൾ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഉല്പന്ന നിർമ്മാണം, ഭക്ഷ്യ സംസ്കരണം, മൂല്യാധിഷ്ഠിത പ്രവർത്തനങ്ങൾ നടത്തുന്ന സേവന മേഖല എന്നിവയിൽ പുതുതായി ആരംഭിക്കുന്ന സ്ഥിര മൂലധനവും പ്രവർത്തന മൂലധനവും ഉൾപ്പെടെ ആകെ പ്രോജക്ട് ചെലവ് 10 ലക്ഷം രൂപ വരെയുള്ള യൂണിറ്റുകൾ ഈ പദ്ധതിയുടെ സഹായത്തിന് അർഹരാണ്. വനിതകൾ, വികലാംഗർ, വിമുക്ത ഭടന്മാർ, പട്ടിക ജാതി / പട്ടിക വർഗ്ഗ വിഭാഗത്തിൽപെട്ടവർ എന്നിവർക്ക് ഈ പദ്ധതിയിൽ മുൻഗണന നല്കും. ഈ പദ്ധതിയുടെ 30% ഗുണഭോക്താക്കളും സ്ത്രീ സംരംഭകരായിരിക്കും. ഈ പദ്ധതിയിലൂടെ നല്കുന്ന പരമാവധി സഹായം ജനറൽ വിഭാഗത്തിന് 3 ലക്ഷം രൂപയും മുൻഗണന വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് 4 ലക്ഷം രൂപയും ആണ്.

**4. ഒരു കുടുംബം, ഒരു സംരംഭം പദ്ധതി**

ഈ വർഷം ഒരു ലക്ഷം സൂക്ഷ്മ/ചെറുകിട/ഇടത്തരം സംരംഭങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ ലക്ഷ്യമിട്ടിരുന്നു. അതിന്റെ ഭാഗമായി നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ് ഒരു കുടുംബം ഒരു സംരംഭം പദ്ധതി. ഈ പദ്ധതിയുടെ 50% ഗുണഭോക്താക്കൾ വനിതാ സംരംഭകരായിരിക്കും.

ഉല്പാദന, സേവന, വ്യാപാര മേഖലയിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനു എടുക്കുന്ന ബാങ്ക് വായ്പയിൽ 10 ലക്ഷം വരെയുള്ള ബാങ്ക് വായ്പയ്ക്ക് പലിശ ഇളവ് നൽകുന്നതിനാണ് ഒരു കുടുംബം ഒരു സംരംഭം പദ്ധതി വഴി വിഭാവനം ചെയ്യുന്നത്. 01.04.2022 മുതൽ പ്രവർത്തനം ആരംഭിക്കുന്ന പുതിയ യൂണിറ്റുകൾക്കാണ് സർക്കാരിൽ നിന്നുള്ള പലിശയിളവ് ലഭ്യമാകുന്നത്. ബാങ്ക് വായ്പയുടെ പലിശ നിരക്കിൽ 4% ൽ അധികരിച്ചുള്ള പലിശയിൽ 6% വരെ ഇളവ് ധന സഹായമായി സർക്കാർ

നൽകുന്നു. പദ്ധതി പ്രകാരം സ്ഥിര മൂലധന വായ്പക്കും പ്രവർത്തന മൂലധന വായ്പക്കും ആനുകൂല്യം ലഭിക്കുന്നു.

**5) സമ്മർദ്ദമുള്ള (stressed) വ്യവസായങ്ങൾ / പ്രവർത്തന രഹിതമായ എം.എസ്.എം.ഇ. യൂണിറ്റുകൾക്കുള്ള സഹായ പദ്ധതികൾ**

മൂലധന ഗ്രാന്റുകളുടെയും, പ്രവർത്തന മൂലധന പ്രോത്സാഹനങ്ങളുടെയും സഹായത്തോടെ കശുവണ്ടി സംസ്കരണ യൂണിറ്റുകൾ ഉൾപ്പെടെയുള്ള പ്രവർത്തനരഹിതമായ എം.എസ്.എം.ഇ. യൂണിറ്റുകളെയും ശരിയായ പ്രവർത്തനത്തിന് ബുദ്ധിമുട്ടുന്ന എം.എസ്.എം.ഇ. യൂണിറ്റുകളെയും പുനരുദ്ധരിക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

(A) The Kerala stressed MSMEs Revival & Rehabilitation Scheme.

(B) Revival and rehabilitation scheme for defunct MSME s and cashew processing units

**6. മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതി**

സംരംഭകൻ മുന്നോട്ട് വെച്ച ആശയത്തിന്റെയോ, ഉല്പന്നത്തിന്റെയോ അപരിചിതത്വം കാരണം നിക്ഷേപം ആകർഷിക്കാൻ സ്റ്റാർട്ടപ്പുകൾ പ്രയാസപ്പെടുന്നുണ്ട്. ഒരു ആശയമോ ഉൽപ്പന്നമോ വികസിപ്പിക്കുന്നതിന് സ്റ്റാർട്ടപ്പുകൾക്ക് ഗണ്യമായ തുക ആവശ്യമാണ്. ആയതിനാൽ, സ്റ്റാർട്ടപ്പ് ആശയങ്ങളുള്ള നിക്ഷേപകർക്ക് മതിയായ സാമ്പത്തിക പ്രോത്സാഹനങ്ങൾ നൽകേണ്ടത് പ്രധാനമാണ്. നിലവിൽ സ്റ്റാർട്ടപ്പുകളിൽ ഭൂരിഭാഗവും ഐ.ടി അധിഷ്ഠിത ഉൽപന്നങ്ങളോ ഐ.ടി.യുമായി ബന്ധപ്പെട്ടതോ ആയതിനാൽ ഉൽപ്പാദന മേഖലയിൽ നൂതന ആശയങ്ങളുമായി വരുന്ന സംരംഭകരുടെ എണ്ണം ഗണ്യമായി കുറയുന്നു. ഈ സാഹചര്യത്തിൽ, ഉൽപ്പാദന മേഖലയിലെ സ്റ്റാർട്ടപ്പുകൾക്ക് സാമ്പത്തിക സഹായം നൽകുക, പ്രാരംഭഘട്ടത്തിൽ തന്നെ ആവശ്യമായ സാമ്പത്തിക സഹായം ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ഈ പദ്ധതി പ്രകാരം യോഗ്യമായ പദ്ധതി ചെലവിന്റെ 75% ഒരു യൂണിറ്റിന് പരമാവധി 10 ലക്ഷം രൂപ സബ്സിഡിയായി നൽകുന്നു. മൂന്നുഘട്ടങ്ങൾ ആയാണ് ആനുകൂല്യം നൽകുന്നത്.

**7) നിലവിലുള്ള എം.എസ്.എം.ഇ കളിൽ സൂക്ഷ്മ സംരംഭങ്ങളിൽ നിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽ നിന്നും ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിനുള്ള സഹായം**

നിലവിൽ പ്രവർത്തനക്ഷമമായ എം.എസ്.എം.ഇ യൂണിറ്റുകൾക്ക് സഹായം നൽകുന്നതിനും നിലവിലുള്ള എം.എസ്.എം.ഇ കളിൽ സൂക്ഷ്മ സംരംഭങ്ങളിൽ നിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽ നിന്നും ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിനുള്ള പിന്തുണ നൽകുന്നതിനുമായി പ്രഖ്യാപിച്ച പദ്ധതിയാണിത്.

പ്രവർത്തനം ആരംഭിച്ച് ഒരു വർഷത്തിനുശേഷം വിപുലീകരണ പ്രവർത്തനം നടത്തുന്ന ഉത്പാദന/സേവനമേഖലയിലുള്ള സംരംഭങ്ങൾക്കാണ് ഈ പദ്ധതിപ്രകാരം ധനസഹായം ലഭിക്കുന്നത്. സ്ഥിരം മൂലധന നിക്ഷേപ സബ്സിഡിയ്ക്ക് ബാങ്ക് ലോൺ നിർബന്ധമല്ല.

ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങൾ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവെലപ്മെന്റ് കോർപറേഷൻ എന്നിവയിൽ നിന്നും വായ്പ നേടിയിട്ടുള്ള യൂണിറ്റുകൾക്ക് മാത്രമാണ് ഈ പദ്ധതിപ്രകാരം പ്രവർത്തന മൂലധന സഹായം ലഭിക്കുന്നത്. 01/01/2021 മുതൽ വിപുലീകരണ പ്രവർത്തനം ആരംഭിച്ച യൂണിറ്റുകൾക്ക് ഈ പദ്ധതിപ്രകാരം ധനസഹായത്തിന് അപേക്ഷിക്കാവുന്നതാണ്.

ഈ പദ്ധതിപ്രകാരം, ഒരു യൂണിറ്റിന് സ്ഥിരമൂലധനത്തിന്റെ 30% (പരമാവധി 100 ലക്ഷം) രൂപയാണ് Capital Investment Subsidy- ആയി നൽകുന്നത്.

ബാങ്കിൽ നിന്നും പ്രവർത്തന മൂലധന വായ്പ എടുത്തിട്ടുള്ള യൂണിറ്റുകൾക്ക് ആദ്യത്തെ മൂന്ന് വർഷം ബാങ്ക് വായ്പാ നിരക്കിൽ 8% പലിശയിളവ് പരമാവധി 30 ലക്ഷം രൂപനൽകുന്നു. ഇത് റീ ഇംബേഴ്സ്മെന്റ് ആയാണ് നൽകുന്നത്. പദ്ധതിക്ക് അംഗീകാരം നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്. കൂടാതെ താഴെപ്പറയുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളും സംരംഭകർക്കായി നടപ്പിലാക്കുന്നുണ്ട്

(എ) പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി

(ബി) സൂക്ഷ്മ ഭക്ഷ്യസംസ്കരണ മേഖലയ്ക്കായുള്ള PMFME പദ്ധതി

വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ ഉടമസ്ഥതയിലുള്ള 40 വ്യവസായ പാർക്കുകളിൽ

നിക്ഷേപകരെ ആകർഷിക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൌകര്യങ്ങളായ ജലം, റോഡ് ഗതാഗതം, വൈദ്യുതി, സുരക്ഷ ഉറപ്പാക്കുന്നതിനായി ചുറ്റുമതിൽ, ഗേറ്റ്, മാലിന്യ സംസ്കരണത്തിനായി Common Effluent Treatment Plant, വൈദ്യുത തടസ്സം ഒഴിവാക്കുന്നതിനായി Power Feeder എന്നിവ സ്ഥാപിച്ച് നൽകി വരുന്നു. സംസ്ഥാനത്ത് വ്യവസായ ഭൂമിക്ക് ദൗർലഭ്യം നേരിടുന്ന സാഹചര്യത്തിൽ അടിസ്ഥാന സൗകര്യങ്ങളോട് കൂടിയ ബഹുനില സമുച്ചയങ്ങളും നിർമ്മിച്ച് വരുന്നു . വ്യവസായ പാർക്കുകളുടെ വികസനത്തിനായുള്ള അടിസ്ഥാന വികസന പ്രവർത്തനങ്ങൾ ഓരോ വർഷത്തെയും ബഡ്ജറ്റ് വിഹിതത്തിന്റെ അടിസ്ഥാനത്തിലാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത് .

**സ്വകാര്യ വ്യവസായ എസ്റ്റേറ്റ് സ്കീം.**

സ്വകാര്യ വ്യവസായ എസ്റ്റേറ്റ് സ്കീം നിലവിൽ വന്നിട്ടുണ്ട്. ആയതിലൂടെ കൂടുതൽ നിക്ഷേപകരെ ആകർഷിക്കുന്നതിനും മികച്ച തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാധിക്കുന്നതാണ്. സ്വകാര്യ വ്യവസായ എസ്റ്റേറ്റിലെ റോഡുകൾ, വൈദ്യുതി, ജലവിതരണം എന്നിവ വികസിപ്പിക്കുന്നതിന് ഡെവലപ്പർക്ക് സർക്കാർ ധനസഹായം നൽകുന്നതാണ്. വൈദ്യുതി, ജലം റോഡ്, ഡ്രെയിനേജ്, ETP/CETP തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും ലബോറട്ടറി, ടെസ്റ്റിംഗ്, സർട്ടിഫിക്കേഷൻ തുടങ്ങിയ പൊതു സൗകര്യങ്ങളും ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾക്കായി ഏക്കറിന് 30 ലക്ഷം രൂപ നിരക്കിൽ പരമാവധി 3 കോടി രൂപ വരെ ഒരു പ്രൈവറ്റ് ഇൻസ്ട്രിയൽ എസ്റ്റേറ്റിന് സർക്കാർ റീഇമ്പേഴ്സ്മെന്റ് ആയി ധനസഹായം നൽകുന്നതാണ്

വ്യവസായ നിക്ഷേപങ്ങൾ ശക്തിപ്പെടുത്താൻ കിൻഫ്ര താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

1) കൊച്ചി - ബാംഗ്ലൂർ വ്യവസായ ഇടനാഴി -

a) വ്യാവസായിക ഉല്പാദന ക്ലസ്റ്റർ - പാലക്കാട് നോഡ്

b) ഗിഫ്റ്റ് സിറ്റി - അയ്യമ്പുഴ, എറണാകുളം

2) പെട്രോകെമിക്കൽ പാർക്ക് - അമ്പലമുഗൾ, കൊച്ചി

3) സ്പൈസസ് പാർക്ക് - തൊടുപുഴ

4) വ്യവസായ പാർക്ക് - മട്ടന്നൂർ

5) ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം - രാമനാട്ടുകര

കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (KSIDC), കണ്ണൂരും കോഴിക്കോടും ചേർത്തലയിലും വ്യവസായ വളർച്ച കേന്ദ്രങ്ങൾ, തിരുവനന്തപുരത്ത് തോന്നയ്ക്കലിൽ ലൈഫ് സയൻസ് പാർക്ക്, ചേർത്തലയിലെ വ്യവസായ വളർച്ച കേന്ദ്രത്തിൽ മെഗാ ഫുഡ് പാർക്ക്, പാലക്കാട് കെ.എസ്.ഐ.ഡി.സി ഇൻവെസ്റ്റ്മെന്റ് സോൺ തുടങ്ങിയവയാണ് സജ്ജമാക്കിയിട്ടുള്ളത്.

പുതുതായി ആരംഭിക്കുന്ന വ്യവസായ പാർക്കുകളാണ് കാസർഗോഡ് Industrial Space, അങ്കമാലിയിൽ Business Park, കുറ്റിയാടിയിൽ Industrial Park തുടങ്ങിയവ.

ടി വ്യവസായ വളർച്ച കേന്ദ്രങ്ങളിലും വ്യവസായ പാർക്കുകളിലും വ്യവസായ സംരംഭകർക്കായി അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങളായ ആന്തരിക റോഡുകൾ, ഡ്രെയിനേജ് സംവിധാനങ്ങൾ, വൈദ്യുതി വിതരണം, ജലവിതരണം, ചുറ്റുമതിലുകൾ, മഴവെള്ള നിർമാർജന ഓടകൾ, മലിനജല സംസ്കരണ ശാലകൾ, ഗേറ്റുകൾ, സെക്യൂരിറ്റി ക്യാബിനുകൾ, ഭരണനിർവഹണ കെട്ടിടങ്ങൾ, ക്രെഷ് കെട്ടിടങ്ങൾ, സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറികൾ, കോമൺ ഫെസിലിറ്റി സെന്ററുകൾ, വെയർ ഹൗസുകൾ തുടങ്ങിയവയാണ് ഒരുക്കുന്നത്.

ടി വ്യവസായ വളർച്ച കേന്ദ്രങ്ങളിലും വ്യവസായ പാർക്കുകളിലും കെ.എസ്.ഐ.ഡി.സി-യിലെ അലോട്ട്മെന്റ് പോളിസി പ്രകാരം വ്യവസായ യൂണിറ്റുകൾക്ക് പാട്ടവ്യവസ്ഥയിൽ ഭൂമിയും SDF യിൽ സ്ഥലവും അനുവദിക്കുന്നുണ്ട്.

സംസ്ഥാനത്ത് വ്യവസായങ്ങൾ ശക്തിപ്പെടുത്താനുള്ള ഉദ്ദേശത്തോടുകൂടി കെ.എസ്.ഐ.ഡി.സി. മുഖേന നടപ്പിലാക്കിവരുന്ന സാമ്പത്തിക സഹായ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

കെ.എസ്.ഐ.ഡി.സി. കുറഞ്ഞ പലിശ നിരക്കിൽ (നിലവിൽ 8.5% - 10.5%) 60 കോടി രൂപ വരെ വായ്പയായി നൽകി വരുന്നു. ഓരോ ആറു മാസത്തിന്റെയും അവസാനം കുടിശ്ശിക ഇല്ലായെങ്കിൽ

പലിശ നിരക്കിൽ അര ശതമാനം വരെ (ബാക്കിയുള്ള മുതലിന്റെ അടിസ്ഥാനത്തിൽ) വീണ്ടും കുറവ് നൽകി വരുന്നു.

സംസ്ഥാനത്ത് വ്യവസായികൾക്ക് എളുപ്പത്തിൽ ധനസഹായം ലഭ്യമാക്കുവാനും സംസ്ഥാനത്ത് ഒരു മികച്ച നിക്ഷേപ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും സർക്കാർ മുൻകൈയെടുത്ത് കെ.എസ്.ഐ.ഡി.സി. മുഖേന നടപ്പിലാക്കുന്ന പ്രത്യേക സഹായ പദ്ധതിയാണ് ചീഫ് മിനിസ്റ്റേഴ്സ് സ്പെഷ്യൽ അസിസ്റ്റൻസ് സ്കീം. സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾ സ്റ്റാർട്ടപ്പുകൾ പ്രവാസി മലയാളികൾ എന്നിവർക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുക.

സെക്ഷൻ ഓഫീസർ.